# MALAYALA MANORAMA

## Kumarakom Rural Tourism Project Wins National Tourism Award

Date: **20-03-2013** | Edition**: Kochi |** Page No: **6 |** Clip size (cm) - W: **8** H: **5**

---

### കേരളത്തിന് അഞ്ച് ദേശീയ ടൂറിസം അവാർഡ്
### കുമരകം ടൂറിസം പദ്ധതിക്ക് അവാർഡ്

തിരുവനന്തപുരം● ഉത്തരവാദ ടൂറിസത്തിന്റെ കുമരകം മോഡലിനു മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതിക്കുള്ള ദേശീയ പുരസ്കാരം.

മറ്റു നാലു ദേശീയ പുരസ്കാരങ്ങൾ കൂടി കേരളം നേടി. തിരുവനന്തപുരം ചൊവ്വരയിലെ സോമതീരം ആയുർവേദ റിസോർട്ടിനാണു ബെസ്റ്റ് വെൽനെസ് സെന്റർ പുരസ്കാരം. മികച്ച അപ്രൂവ്ഡ് ഇൻബൗണ്ട് ടൂർ ഓപ്പറേറ്റർ ആൻഡ് ട്രാവൽ ഏജന്റ് വിഭാഗത്തിൽ 'പയനിയർ പഴ്സനലൈസ്ഡ് ഹോളിഡേയ്സും' കുമരകത്തെ താജ് ഹോട്ടൽ മികച്ച ഫോർ സ്റ്റാർ ഹോട്ടലിനുള്ള അവാർഡും കോക്കനട്ട് ക്രീക് ഫാം ആൻഡ് ഹോം സ്റ്റേ മികച്ച താമസത്തിനും പ്രഭാതഭക്ഷണത്തിനുമുള്ള അവാർഡും കരസ്ഥമാക്കി. രാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയിൽ നിന്നു ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.